# പ്രമോഷൻ നടപടി ഇഴയുന്നു...
# ജീവനക്കാരോട് യുദ്ധപ്രഖ്യാപനം
# ശക്തമായി പ്രതിഷേധിക്കുക

സുഹൃത്തുക്കളെ,

കേരളമെമ്പാടും വീശിയടിക്കുന്ന ഭരണവിരുദ്ധ വികാരത്തിന്റെ ആഴം കണ്ടറിഞ്ഞ അധികാരികൾ ആയതിന്റെ ജാള്യം തീർക്കുന്നത് ജീവനക്കാരോടുള്ള വെല്ലുവിളിയിലൂടെയാണ്. ഇനിയൊരിക്കലും അധികാരത്തിലെത്താനാവില്ലെന്ന് തിരിച്ചറിഞ്ഞതിനെ തുടർന്ന് നാടിന്റെ സർവ്വവും വിറ്റുതുലച്ച ഉമ്മൻചാണ്ടി സർക്കാരിന്റെ 'മൂപ്പിറക്കൽ ഭരണത്തോട്' കേരളം കണക്കു തീർക്കാനൊരുങ്ങുകയാണ്. നാട്ടിലെ തട്ടിപ്പുകാരെയൊക്കെ ഇടംവലം നിറുത്തി കേരളത്തെ കൊള്ളയടിച്ച തസ്കരഭരണം ഉടനെ ഒഴിഞ്ഞുപോവുന്നതിന്റെ ആശ്വാസത്തിലാണ് കേരളജനത. പൊള്ളുന്ന വിലക്കയറ്റകാലത്ത് ന്യായവില കടകളൊക്കെ അടച്ചുപൂട്ടി, പൊതുവിതരണമേഖലയാകെ കൊള്ളയടിക്കുന്ന ഉപാധിയാക്കി മാറ്റിയ ഉമ്മൻചാണ്ടി സർക്കാരിന്റെ 'കരുണ' നാട്ടിലെ സമ്പന്നൻമാരോടും കോർപ്പറേറ്റുകളോടുമാണെന്ന് ജനം മനസ്സിലാക്കി കഴിഞ്ഞു.

കേരളം കണ്ട ഏറ്റവും വലിയ അഴിമതി സർക്കാരായ ഉമ്മൻചാണ്ടി സർക്കാരിന്റെ 'ഗുണഭോക്താക്കളായ' സെക്രട്ടേറിയറ്റിലെ പോഷകർ ജീവനക്കാരെ നിരന്തരം വെല്ലുവിളിക്കുകയാണ്. എണ്ണമറ്റ കരാർ, പിൻവാതിൽ, പുനർനിയമനങ്ങൾ വഴി സെക്രട്ടേറിയറ്റിലെ ചരിത്രത്തിലില്ലാത്ത അരാജകഭരണം കാഴ്ചവച്ച ഈ സർക്കാരിന്റെ കീഴിൽ ജീവനക്കാരുടെ അടിസ്ഥാനാവശ്യങ്ങൾ, നിരന്തരം ഹനിക്കപ്പെടുകയാണ്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളുടെ ഭരണവിഭാഗം സെക്ഷനുകൾ ഈ അരാജകത്വത്തിന്റെ ഉത്തമനിദർശനങ്ങളാണ്. ഭരണവിലാസം സംഘടനകളുടെ നേതാക്കൾ തന്നെ നേതൃത്വം കൊടുക്കുന്ന ഈ സെക്ഷനുകളിൽ ഭരണപരമായ കാര്യങ്ങളിൽ കൊടിയ അലംഭാവവും ഉദാസീനതയും നിരുത്തരവാദിത്തവുമാണ് നിലനിൽക്കുന്നത്. ലക്ഷങ്ങളുടെ കോഴ മണക്കുന്ന അഴിമതി നിയമനങ്ങൾ നടത്തിയും ജീവനക്കാരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തുമുള്ള ഉത്തരവുകൾ ശരവേഗത്തിലാണ് പുറത്തിറങ്ങുന്നതെങ്കിൽ ജീവനക്കാരുടെ ജീവൽ പ്രശ്നങ്ങളിൽ ഇക്കൂട്ടർക്ക് മെല്ലെപ്പോക്ക് സമീപനമാണ്.

വിവിധ വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനങ്ങളിലും പ്രമോഷൻ കാര്യങ്ങളിലും മാപ്പർഹിക്കാത്ത പാതകമാണ് ഇക്കൂട്ടർ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നത്. ബാലിശമായ കാരണങ്ങൾ പറഞ്ഞ് നിരവധി ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം നിഷേധിക്കുന്ന പോഷകർ പ്രകടമായ പക്ഷപാതിത്തവും രാഷ്ട്രീയ വിവേചനവും മൂലം ജീവനക്കാരെ രണ്ട് തട്ടിലാക്കിയിരിക്കുകയാണ്. സ്വന്തം അനുചരന്മാർക്ക് യോഗ്യത പോലുമില്ലാതെ തസ്തികമാറ്റ നിയമനം നൽകി നിയമനത്തട്ടിപ്പ് നടത്തി യജമാനന്മാരുടെ കൊടിയ അഴിമതിയെ കടത്തിവെട്ടാൻ ശ്രമിക്കുന്ന പോഷകരാണ് ജീവനക്കാരുടെ ന്യായമായ അവകാശം പോലും നിഷേധിക്കുന്നത്. ഒഴിവ് വരുന്ന തസ്തികകളിലേക്ക് സെലക്ട്ലിസ്റ്റ് തയ്യാറാക്കി ജീവനക്കാർക്ക് കൃത്യമായി പ്രമോഷൻ നൽകാൻ പോലും കഴിയാത്ത സാഹചര്യത്തിലേക്ക് ഭരണവിഭാഗത്തിന്റെ നിരുത്തരവാദിത്തം എത്തിയിരിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് എല്ലാ മാസവും ഒന്നാം തീയതി തന്നെ പ്രമോഷൻ ഓർഡർ ഇറങ്ങിയ കാര്യം ഓർമ്മയുള്ള ജീവനക്കാർ ഉമ്മൻചാണ്ടി സർക്കാരിന്റെ കെടുകാര്യസ്ഥതയിൽ ശക്തമായ പ്രതിഷേധത്തിലാണ്.

പോഷകരുടെ കുറ്റകരമായ അലംഭാവത്തിന്റെ ഇരയായി തീർന്നിരിക്കുകയാണ് നിയമവകുപ്പിലെ ഒരു ജീവനക്കാരി. മെയ് 31 ന് റിട്ടയർ ചെയ്യുന്ന നിയമവകുപ്പ് അണ്ടർ സെക്രട്ടറി സ. കെ.ജി. സതികുമാരിക്ക് ജനുവരി മാസം തന്നെ ഉണ്ടായ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലുള്ള പ്രമോഷൻ നിഷേധിക്കാൻ ആസൂത്രിത ഗൂഢാലോചനയാണ് പോഷകർ നടത്തിയത്. കോൺഗ്രസ്സിന്റെ മാരത്തൺ സീറ്റ് ചർച്ചയുടെ പേരിൽ സ്തംഭിച്ച കേരളഭരണത്തിന്റെ ബലിയാടായി തീർന്നിരിക്കുകയാണ് ഈ ജീവനക്കാരി. നിയമവകുപ്പ് ഭരണവിഭാഗം അണ്ടർ സെക്രട്ടറി കൂടിയായ പോഷക സംഘടനാ നേതാവിന് വേണ്ടി സി.ആർ തട്ടിക്കൂട്ടാനുള്ള വ്യഗ്രതയിൽ ഡി.പി.സി കൂടാനുള്ള നീക്കം ഇക്കൂട്ടർ അട്ടിമറിക്കുകയായിരുന്നു. ഒടുവിൽ ഇലക്ഷൻ ചട്ടത്തിന്റെ പേരിൽ താൽക്കാലിക പ്രമോഷൻ നൽകാൻ പോലും ഇക്കൂട്ടർ തയ്യാറാവാത്തതിനെ തുടർന്ന് തന്റേതല്ലാത്ത കാരണത്താൽ പ്രമോഷൻ ലഭിക്കാതെ സർവ്വീസിൽ നിന്ന് പടിയിറങ്ങേണ്ടി വരുന്ന അവസ്ഥയിലായിരിക്കുകയാണ്. സ. സതികുമാരി. എംപ്ലോയീസ് അസോസിയേഷൻ അംഗമായതിനാൽ പ്രമോഷൻ നൽകില്ലെന്ന അല്പബുദ്ധിമൂലം ഒരു വനിതാജീവനക്കാരിയുടെ അർഹതപ്പെട്ട ആനുകൂല്യമാണ് പോഷകർ തല്ലിക്കെടുത്തിയിരിക്കുന്നത്. നിയമവകുപ്പിലെ പോഷക സംഘടനാ നേതാവ് കൂടിയായ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതന്റെ പിടിവാശിയാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. ഭരണത്തിന്റെ അവസാനനാളിൽ പോലും രാഷ്ട്രീയപരമായ കാരണത്താൽ ജീവനക്കാരെ തെരഞ്ഞുപിടിച്ച് വേട്ടയാടുന്ന ശൈലിക്ക് നിങ്ങൾ വലിയ വില നൽകേണ്ടി വരുമെന്ന് മാത്രം ഓർമ്മിപ്പിക്കുന്നു.

നിയമവകുപ്പിലടക്കം ഡി.പി.സി ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് എംപ്ലോയീസ് അസോസിയേഷൻ ആവശ്യപ്പെടുന്നു. ലിസ്റ്റ് ഇല്ലെങ്കിൽ റിട്ടയർ ചെയ്യാൻ പോകുന്ന ജീവനക്കാർക്ക് താൽക്കാലിക പ്രമോഷൻ നൽകാമെന്ന സർക്കാർ ഉത്തരവ് പാലിച്ച് അർഹതപ്പെട്ടവർക്ക് പ്രമോഷൻ നൽകാനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെടുന്നു. തസ്തികമാറ്റ നിയമനത്തിലടക്കം ഇരട്ടത്താപ്പ് സ്വീകരിച്ച് ജീവനക്കാരെ ദ്രോഹിക്കുന്ന ഉമ്മൻചാണ്ടി സർക്കാരിനെതിരെയുള്ള പോരാട്ടത്തിൽ മുഴുവൻ ജീവനക്കാരും അണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

തിരുവനന്തപുരം
20.04.2016

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848